**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1891** — **08-02-2023 - ൽ മറുപടിയ്ക്ക്**

**കായികരംഗത്ത് മികച്ച പ്രകടനം കാഴ്ചവച്ച കായിക താരങ്ങൾക്ക് ജോലി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കായികരംഗത്ത് മികച്ച പ്രകടനം കാഴ്ചവെച്ച കായിക താരങ്ങൾക്ക് ജോലി നൽകുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഈ കാലയളവിൽ എത്രപേർക്ക് ജോലി നൽകിയിട്ടുണ്ട്; വിശദമാക്കാമോ? | (എ) | **ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 35ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് റോവിംഗ് ടീം ഇനത്തിൽ വെങ്കല മെഡൽ കരസ്ഥമാക്കിയ ശ്രീ.സുബാഷ്.കെ.കെയ്ക്ക് ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റ് ഗ്രേഡ്-II തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. 2010-14 വർഷങ്ങളിലെ സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി ശേഷിക്കുന്ന ഒഴിവുകളിലേയ്ക്ക് 24 കായിക താരങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പിൽ നിയമനാനുമതി നൽകിയിട്ടുണ്ട്.**<br><br>**2010-14 വർഷത്തെ സ്പോർട്സ് ക്വാട്ട നിയമനവുമായി ബന്ധപ്പെട്ട വിഷയം പരിശോധിക്കുന്നതിനായി രൂപീകരിച്ച ഉന്നതതല സമിതിയുടെ 25.04.2022-ലെ യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ 2010-14 വർഷത്തെ അവശേഷിക്കുന്ന ഒഴിവുകളിലേയ്ക്കുള്ള നിയമനം സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു.**<br><br>**22-ാമത് കോമൺവെൽത്ത് ഗെയിംസിൽ മെഡൽ നേടിയ മലയാളി കായികതാരങ്ങളായ എൽദോസ് പോൾ, അബ്ദുള്ള അബൂബക്കർ, എം.ശ്രീശങ്കർ, ട്രീസ്സ ജോളി എന്നിവർക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസൃതമായി സ്പോർട്സ് ക്വാട്ടാ നിയമനത്തിന് മാറ്റി വച്ചിട്ടുള്ള 50 തസ്തികകളിൽ നിന്നും 4 ഒഴിവുകൾ നീക്കിവച്ച് നിയമനം നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.**<br><br>**കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2015 മുതൽ 2019 വരെയുള്ള അഞ്ച് വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമനത്തിനായി വിജ്ഞാപനം** |

| | | | |
|---|---|---|---|
| | | | **പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച അപേക്ഷകളിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ